## ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റിന്റെ നിയമനം

1804 [2729] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരെ ഡയറി ഡിപ്പാർട്ടുമെന്റിൽ നിയമിക്കണമെന്ന വ്യവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡയറി ഡിപ്പാർട്ടുമെന്റിൽ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരെ ആരെയെങ്കിലും നിയമിച്ചിരുന്നുവോ ;

(സി) പുതുതായി ആരെയെങ്കിലും നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

### ഉത്തരം

(എ) അങ്ങനെ യാതൊരു വ്യവസ്ഥയും നിലവിലില്ല.

(ബി) പ്രത്യേക തൊഴിൽദിന പദ്ധതിയനുസരിച്ച് 1972-73 ൽ സി. ഐ. എ. മാരെ ക്ഷീര വികസന വകുപ്പിൽ നിയോഗിച്ചിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുക എന്ന അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

(സി) ഇല്ല.

## പഞ്ചായത്ത് തെരഞ്ഞെടുപ്പ് ക്രമീകരണം

1805 [2730] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തു, ദേവസ്വവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സ.സ്ഥാനത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താനുള്ള ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ടെന്ന് പഞ്ചായത്തു ഡയറക്ടർ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ബി) പ്രസ്തുത കത്തുകളിൽ എന്നത്തേയ്ക്ക് തെരഞ്ഞെടുപ്പു നടത്താൻ കഴിയുമെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നുവോ, എങ്കിൽ എന്നത്തേയ്ക്ക് ;

(സി) പഞ്ചായത്തു ഡയറക്ടറുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാതിരിക്കാനുള്ള കാരണമെന്താണ് ;

(ഡി) വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അപ്രകാരം പുതുതായി എത്ര പഞ്ചായത്തുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) പുതിയ പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടവും സ്ഥലവും ഉണ്ടാക്കുവാനും ഉദ്യോഗസ്ഥൻമാരുടെ ശമ്പളമിനത്തിലുമെല്ലാമായി എത്ര സംഖ്യ കൂടുതലായി ചെലവഴിക്കേണ്ടതായി വരും ?

### ഉത്തരം

(എ) അറിയിച്ചിട്ടില്ല. വാർഡ് വിഭജനം പൂർത്തിയാക്കൽ, വോട്ടർ പട്ടിക തയ്യാറാക്കൽ, തെരഞ്ഞെടുപ്പു വിജ്ഞാപന തീയതി, പോളിംഗ് തീയതി എന്നിവ കാണിച്ചുകൊണ്ടുള്ള പ്രോഗ്രാം പട്ടികകൾ മാത്രമാണ് പഞ്ചായത്ത് ഡയറക്ടർ ഗവൺമെന്റിന് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) വില്ലേജുകളുടേയും പഞ്ചായത്തുകളുടേയും അതിർത്തികൾ ഏകീകരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗവൺമെൻറ് ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയിട്ട് മാത്രമേ പുതുതായി ഉണ്ടാക്കുന്ന പഞ്ചായത്തുകളെക്കുറിച്ച് അറിയാൻ സാധിക്കുകയുള്ളൂ.

(ഇ) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് കിട്ടിയിട്ടു മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

## മലബാർ ദേവസ്വം ബോർഡ്

1806 [2731] ശ്രീ. എ. സി. ഷൺമുഖദാസ് :
,, സിറിയക് ജോൺ :
,, പി. വിജയദാസ് :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശങ്ങളിലെ ദേവസ്വങ്ങളുടെ നടത്തിപ്പിനായി ഒരു ദേവസ്വം ബോർഡ് രൂപീകരിക്കുമെന്ന സർക്കാരിൻറെ പ്രഖ്യാപനം അനുസരിച്ച്, അതിൻറെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർഷം തന്നെ ഇതു നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ, ബി) ഈ വിഷയം സർക്കാരിൻറെ പരിഗണനയിലാണ്.

## അളഗപ്പാനഗർ പഞ്ചായത്തിലെ പൂക്കോട് സ്കൂൾ റോഡ് പണി

1807 [2732] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ "ഫണ്ട്" റിലീഫ് പദ്ധതിയിൽ ലോക്കൽ ബോഡീസ് എഞ്ചിനീയറിംഗ് വകുപ്പ് നടത്തുന്ന അളഗപ്പാനഗർ പഞ്ചായത്തിലെ പൂക്കോട് സ്കൂൾ റോഡ് പണിക്ക് എന്നാണ് എഗ്രിമെൻറ് വെച്ചത് ;

(ബി) ഈ പണി നടത്താതിരിക്കുന്നതിൻറെ കാരണമെന്താണ് ;

(സി) 8 മീറ്റർ ഇല്ലാത്ത റോഡുകൾക്ക് സൈഡ് പ്രൊട്ടക്ഷൻ പണികൾ വേണ്ടെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly